പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2194      6.2.2019 ൽ മറുപടിയ്ക്ക്

# സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

ചോദ്യം      മറുപടി

ശ്രീ.ആന്റണി ജോൺ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സാമൂഹ്യ സംഘടനകളും ചാരിറ്റബിൾ സൊസൈറ്റികളും നടത്തി വരുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ നിലവിൽ സർക്കാർ നല്കി വരുന്ന സഹായങ്ങൾ വിശദീകരിക്കാമോ; | (എ) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന വർഷം തോറും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) 18 വയസ് കഴിഞ്ഞാലും മാനസിക വളർച്ച ഉണ്ടാകാത്ത കുട്ടികൾക്ക് കുട്ടികളെന്ന നിലയിൽ തന്നെ നിരന്തര പോഷണം ആവശ്യമായിരിക്കേ, 18 വയസ് ആയതിന്റെ പേരിൽ സ്പെഷ്യൽ സ്കൂളുകളിൽ തുടരാൻ പാടില്ല എന്ന വ്യവസ്ഥ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഇത്തരം കുട്ടികളുടെ ഭാവി ഇരുളടഞ്ഞതാക്കുമെന്ന അവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) 18 വയസ്സ് കഴിഞ്ഞ കുട്ടികളെ സ്പെഷ്യൽ സ്കൂളുകളിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (സി) എങ്കിൽ 18 വയസ് കഴിഞ്ഞ ഇത്തരം കുട്ടികളെയും സ്പെഷ്യൽ സ്കൂളുകളിൽ നിലനിർത്തുന്ന കാര്യം പുന:പരിശോധിക്കുമോ; | (സി) 18 വയസ്സു കഴിഞ്ഞാലും മാനസിക വളർച്ച ഉണ്ടാകാത്ത കുട്ടികൾക്ക് സ്പഷ്യൽ സ്കൂളുകളിൽ നൈപുണ്യവികസനത്തിനായി പ്രത്യേക പരിശീലന കേന്ദ്രം ഒരുക്കി അവരെ നിലനിർത്തണം എന്ന ശുപാർശ സാമൂഹ്യ നീതി വകുപ്പിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തയ്യാറാക്കിയ സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുകയും ഇത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത സ്കൂൾ അധ്യായനവർഷം മുതൽ ഈ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) കോതമംഗലം മണ്ഡലത്തിൽ സർക്കാർ ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളുടെ വിവരം ലഭ്യമാക്കാമോ? | (ഡി) കോതമംഗലം മണ്ഡലത്തിൽ സർക്കാർ ധനസഹായം ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു<br>1. സാന്ത്വനം സ്പെഷ്യൽ സ്കൂൾ, കോതമംഗലം<br>2. ദയാ ബഡ്സ് സ്പെഷ്യൽ സ്കൂൾ, നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്<br>3. ബഡ്സ് സ്പെഷ്യൽ സ്കൂൾ, ഫോർ മെന്റലി ചലഞ്ച്ഡ്, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് |

സെക്ഷൻ ഓഫീസർ